നം.ഇ.എഫ് 4-80416/18/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.12.3.2020.

**ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ താല്ക്കാലിക നിയമനത്തിനായി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ ശ്രദ്ധക്ക്.**

2020 ജനുവരി 14, 16 തീയതികളിൽ ആരോഗ്യവകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വച്ച് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്.II തസ്തികയിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനത്തിനായി അഭിമുഖം നടത്തുകയുണ്ടായി.

" Diploma in Ophthalmic Assistant Course ( 2 years) conducted by the Medical Colleges in Kerala or equivalent qualification"

എന്നതാണ് പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യത. എന്നാൽ ചില ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഇതര സ്ഥാപനങ്ങൾ നൽകിയ സർട്ടിഫിക്കറ്റുകൾക്ക് നിർദ്ദിഷ്ട കോഴ്സുമായി ' തുല്യത' ലഭ്യമാക്കിയിട്ടില്ല. ഇത്തരം കോഴ്സുകളുടെ സിലബസ്, കാലദൈർഘ്യം, വിദൂര വിദ്യാഭ്യാസമാണോ എന്നത് സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിന് ലഭ്യമല്ലാത്തതിനാൽ തുല്യത സംബന്ധിച്ച വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ DME, KUHS എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയ സർട്ടിഫിക്കറ്റുകൾ ഒഴികെ സമർപ്പിക്കപ്പെട്ട സർട്ടിഫിക്കറ്റുകൾക്ക് തുല്യ സർട്ടിഫിക്കറ്റ് ( Equivalency certificate) 24th March വൈകിട്ട് 5 മണിക്ക് മുൻപ് സ്പീഡ് പോസ്റ്റ് മുഖാന്തിരം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതും ആയതിന്റെ പകർപ്പ് dhsefsection@gmail.com എന്ന mail-ID-യിലേക്ക് അയയ്ക്കേണ്ടതുമാണ്.

വിലാസം

അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

NB: മേൽ വിഷയത്തിൽ വ്യക്തിപരമായ അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

വി.എം

നമ്പർ EF4/80416/18/ ആവഡ                                                തീയതി 3/7/2020

**ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിനായി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്**

2020 ജനുവരി 14,16 തീയതികളിൽ ആരോഗ്യവകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വച്ച് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിൽ , എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനത്തിനായി നടത്തിയ അഭിമുഖ സമയത്ത് ചില ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഇതര സ്ഥാപനങ്ങൾ നൽകിയ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് നിർദ്ദിഷ്ട കോഴ്സുമായി തത്തുല്യത ലഭ്യമാക്കിയിരുന്നില്ല. ആയത് ലഭ്യമാക്കാൻ 12/3/2020 തീയതിയിൽ ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ടി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു അവസരം കൂടി നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത സർട്ടിഫിക്കറ്റ് **10 ജൂലൈ 2020 വൈകിട്ട് 5 മണിക്ക് മുമ്പ്** സ്പീഡ് പോസ്റ്റ് മുഖാന്തിരം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതും ആയതിന്റെ പകർപ്പ് dhsefsection@gmail.com എന്ന mail.ID യിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

വിലാസം
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)
ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, വഞ്ചിയൂർ.P.O
തിരുവനന്തപുരം.

ഒപ്പ്,
ഡോ.ബിന്ദുമോഹൻ
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)

NB:- മേൽ വിഷയത്തിൽ വ്യക്തിപരമായ അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല. നിർദ്ദിഷ്ട തീയതിയ്ക്ക് ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.

//അംഗീകാരത്തോടെ//

സൂപ്രണ്ട്.